യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ സ്ഥാപനങ്ങളിൽ നിന്നും കടമെടുത്ത തുക

24 [2633] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ സ്ഥാപനങ്ങളിൽ നിന്നും എന്തു തുക കടമെടുത്തു; അവ ഓരോന്നും ഏത് കാലയളവ് മുതലാണ് തിരിച്ചടയ്ക്കേണ്ടത് എന്നീ കാര്യങ്ങളുടെ വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള കടത്തിന്റെ കണക്കുകൾ താഴെ കാണും പ്രകാരമാണ്:

(രൂപ കോടിയിൽ)

വർഷം	LIC	GIC	NABARD	NCDC
2001-02	360.92	..	155.71	65 .78
2002-03	425.00	65.90	114.37	42.50
2003-04	440.00	40.00	117.53	123.46
2004-05	440.00	40.00	100.84	66.42

മേൽ വായ്പകൾ ലഭിക്കുന്നതിന്റെ അടുത്ത വർഷം മുതൽ തിരിച്ച് അടയ്ക്കേണ്ടതുണ്ട്.

ചെറുകിട വ്യവസായ സംരംഭകർക്ക് ഫിനാൻഷ്യൽ കോർപ്പറേഷൻ നൽകുന്ന വായ്പ

25 [2634] ശ്രീ. കോവൂർ കുഞ്ഞുമോൻ:
,, എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട വ്യവസായ സംരംഭകർക്ക് കേരളാ ഫിനാൻഷ്യൽ കോർപ്പറേഷൻ നല്കുന്ന പരമാവധി വായ്പ തുക എത്രയാണ്;

(ബി) ഇത്തരം വായ്പയ്ക്കുള്ള പരമാവധി കാലാവധിയും പലിശയും എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(സി) വായ്പ തിരിച്ചടയ്ക്കുവാൻ താമസിച്ചതിന്റെ പേരിൽ കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ എത്ര ചെറുകിട യൂണിറ്റുകൾ ഏറ്റെടുത്തിട്ടുണ്ട്;

(ഡി) ഇവയിൽ കെ. എഫ്. സി. വിൽപ്പന നടത്തുകയോ, കൈവശാവകാശം മാറുകയോ ചെയ്തിട്ടുള്ളവ എത്ര?

ഉത്തരം

(എ) വ്യക്തികൾക്കും പാർട്ണർഷിപ്പ് ഫേമുകൾക്കും എട്ടുകോടി രൂപയും, കമ്പനികൾക്കും കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്കും 20 കോടി രൂപയുമാണ് പരമാവധി നൽകുന്നത്.

LIBRARY ARCHIVES Kerala Legislative Assembly